ബഹുമാനപ്പെട്ട കേരള സംസ്ഥാന മുഖ്യമന്ത്രി-വനം പരിസ്ഥിതി വകുപ്പ് മന്ത്രി മുമ്പാകെ,

വയനാട് ജില്ലയിലെ പരിസ്ഥിതി പ്രവർത്തകരും സംഘടനകളും ബോധി പ്പിക്കുന്ന ഹർജി,

വിഷയം : വനനിയമം ആദിവാസി ഭൂനിയമം എന്നിവ നിലനിൽക്കുന്ന ദുർബ്ബല ഭൂപ്രദേശത്തെ പ്രകൃതി രമണീയവും അതീവ പാരിസ്ഥിതിക പ്രധാനവുമായ പുൽമേടുകളായ കുന്നുകൾ ഇടിച്ച് നിരത്തി വെറ്റിനറി സർവ്വകലാശാല ആസ്ഥാനം നിർമ്മിക്കുന്നത് തടയേണ്ടതിനെയും മറ്റും സംബന്ധിച്ച്.

വയനാട് ചുരം കയറി 2 കിലോമീറ്റർ പിന്നിടുമ്പോൾ ഇടതുവശത്തായി ഇതുവഴി കടന്നുപോവുന്ന ഏതൊരാളുടെയും ശ്രദ്ധയാകർഷിക്കുന്ന വിധം മനോഹാരിതയോടെ ഏക്കർ കണക്കിന് വിസ്തൃതിയിൽ നിരനിരയായി ഉയർന്നു നിൽക്കുന്ന നിരവധി പുൽമേടുകൾ കാണാമായിരുന്നു 2004 വരെ.

എന്നാൽ 2004-ൽ ഇവിടെ വെറ്റിനറി കോളേജ് സ്ഥാപിക്കാൻ തീരുമാനിച്ചതിനെ തുടർന്ന് പുൽമേടുകളായ ഏതാനും കുന്നുകൾ ഇടിച്ചു നിരത്തിയും, കീറി മുറിച്ചും വൻകിട കോൺക്രീറ്റ് കെട്ടിടങ്ങളും റോഡുകളും നിർമ്മിക്കപ്പെട്ടതോടെ, വയനാട്ടിലേക്ക് പ്രവേശിക്കുമ്പോൾ തന്നെ ത്രസിപ്പിച്ചിരുന്ന ഗംഭീരമായ പ്രകൃതി സൗന്ദര്യം തകർക്കപ്പെടുകയും തൽസ്ഥാനത്ത് അരോചകമായ കോൺക്രീറ്റ് വൈകൃതം ഉയർത്തപ്പെടുകയുമാണുണ്ടായത്. പ്രകൃതിസൗന്ദര്യം ഇഷ്ടപ്പെടുന്ന ഏതൊരാളെ സംബന്ധിച്ചും വേദനാജനകമായിരുന്നു ഈ അപനിർമ്മാണം. തന്നെയുമല്ല, കുന്നിടിച്ച് ബഹുനില കോൺക്രീറ്റ് കെട്ടിട സമുച്ചയങ്ങളുണ്ടാക്കുന്നത് പരിസ്ഥിതി സന്തുലനത്തെ തകർക്കുകയും ഇത് വയനാട് പോലുള്ള ദുർബല ഭൂഘടനയോടു കൂടിയ മലമ്പ്രദേശത്തിന്റെ നിലനിൽപ്പിനെ കൂടുതൽ ദുർബലമാക്കുകയും, ഉരുൾ പൊട്ടൽ, മലയിടിച്ചിൽ മുതലായ പ്രകൃതി ദുരന്തങ്ങൾക്കുള്ള സാധ്യതകൾ വർദ്ധിപ്പിക്കുകയും ചെയ്യുമെന്നതിനു പുറമെ, ഈ പുൽമേടുകളിൽ നിന്ന് ഉറവയെടുത്ത് ഒഴുകി തളിപ്പുഴ പുഴയിൽ വന്നു ചേർന്നിരുന്ന രണ്ട് അരുവികൾ നികത്തിയും, ആദിവാസികളെ ഏറ്റവും മ്ലേഛമായി വഞ്ചിച്ച് 100 ഏക്കർ ആദിവാസി ഭൂമി അന്യാധീനപ്പെടുത്തിയുമാണ് പൂക്കോട് വെറ്റിനറി കോളേജ് നിർമ്മിച്ചിരിക്കുന്നത്. ഇക്കാരണങ്ങൾ കൊണ്ടുതന്നെ നിലവിൽ സ്ഥാപിതമായ സ്ഥലത്ത് വെറ്റിനറി കോളേജ് നിർമ്മാണം അന്നേ പരിസ്ഥിതി സംഘടനകളും ആദിവാസി സംഘടനകളും എതിർപ്പുയർത്തിയിരുന്നതാണെങ്കിലും ആദിവാസി ഭൂമി അന്യാധീനപ്പെടുത്തൽ, പരിസ്ഥിതി പ്രാധാന്യം, പ്രകൃതി സൗന്ദര്യം എന്നിവയ്ക്കുപരി അന്നും, രാഷ്ട്രീയ കക്ഷികളും, മാധ്യമങ്ങളും വികസനത്തിന് പ്രാമുഖ്യം നൽകുകയും ഈ നൂറേക്കറിലെ ഏതാനും പുൽമേടുകളൊഴിച്ച്

അവശേഷിക്കുന്നവ കോട്ടം തട്ടാതെ സംരക്ഷിക്കുമെന്ന് സമർത്ഥിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഇവിടെ വെറ്റിനറി കോളേജ് പടുത്തുയർത്തപ്പെട്ടത്.

എന്നാൽ വയനാട്ടിലെ ആദിവാസികളുടെയോ കർഷകരുടെയോ ഉന്നമനത്തിന് വെറ്റിനറി കോളേജ് പറയത്തക്ക ഗുണങ്ങളൊന്നുമുണ്ടാക്കിയില്ല എന്നു മാത്രമല്ല, വെറ്റിനറി കോളേജ് വെറ്റിനറി സർവ്വകലാശാലയായി ഉയർത്താൻ സർക്കാർ തീരുമാനിച്ചതോടെ കോളേജിന്റെ അധീനതയിലുള്ള 100 ഏക്രയിലെ അവശേഷിക്കുന്ന പുൽമേടുകളും ചതുപ്പുകളും നീർച്ചാലുകളും കൂടി ഇടിച്ചുനിരത്തിയും, നികത്തിയും കേന്ദ്രസഹായമടക്കം 144 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്ന സാഹചര്യത്തിൽ അവശേഷിക്കുന്ന മഹത്തായ പ്രകൃതി സൗന്ദര്യത്തെയും പരിസ്ഥിതി സന്തുലനത്തെയും തകർത്ത് പ്രകൃതി ദുരന്തങ്ങൾക്കും ജലദൗർലഭ്യതക്കും ആക്കം കൂട്ടുന്ന തരത്തിൽ പുൽമേടുകളായ കുന്നിടിച്ചുള്ള വെറ്റിനറി സർവ്വകലാശാല നിർമ്മാണം താഴെപ്പറയുന്ന കാരണങ്ങളാൽ നിർദ്ധിഷ്ട സ്ഥലത്ത് യാതൊരു നിലയ്ക്കും അനുവദനീയമല്ലാത്തതും അതിനാൽ നിർദ്ധിഷ്ട സ്ഥലത്തെ വെറ്റിനറി സർവ്വകലാശാല നിർമ്മാണ പ്രവർത്തനങ്ങളും അതുപോലെ വൈത്തിരി, ലക്കിടി, തരിയോട്, പടിഞ്ഞാറത്തറ മേഖലകളുടെ ഭൂമിശാസ്ത്ര പരമായ ദുർബലതകളും ഗൗരവപൂർവ്വം പരിഗണിച്ച് ഈ പ്രദേശങ്ങളിലെ കുന്നിൻ ചെരുവുകളിൽ കുന്നിടിച്ചു പടുത്തുയർത്തിക്കൊണ്ടിരിക്കുന്ന റിസോർട്ടുകൾ ഉൾപ്പെടെ വൻകിട കെട്ടിട നിർമ്മാണങ്ങളും മേൽ സൂചിപ്പിച്ചതും താഴെ വിശദീകരിക്കുന്നതുമായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ ഉടനടി നിർത്തി വെപ്പിക്കേണ്ടതിനും വെറ്റിനറി യൂണിവേഴ്സിറ്റി ആസ്ഥാനം വയനാട്ടിൽ തന്നെ മറ്റൊരു സ്ഥലത്ത് മാറ്റി സ്ഥാപിക്കുന്നതിനും സർക്കാർ അടിയന്തിര നടപടികൾ കൈക്കൊള്ളണമെന്നും അഭ്യർത്ഥിക്കുന്നു.

**<u>വനം, ആദിവാസി ഭൂനിയമ ലംഘനം</u>**

10-05-1971-ൽ നിക്ഷിപ്ത വനഭൂമിയായി പ്രഖ്യാപിക്കപ്പെട്ടതും Sect - 5 പ്രകാരം റിസർവ് സ്റ്റാറ്റസ് നിലനിൽക്കുന്നതുമായ ഈ പുൽമേടുകളും ഇപ്പോൾ വെറ്റിനറി കോളേജ് സ്ഥിതിചെയ്യുന്നതുമടക്കമുള്ള 531 ഹെകടർ(1311½ ഏക്കർ) ഭൂമി കേന്ദ്രസർക്കാർ നിർദ്ദേശാനുസരണം അടിമവേലയിൽ നിന്നും ആദിവാസികളെ മോചിപ്പിച്ച് അവരെ പുനരധിവസിപ്പിക്കുന്നതിനും, അവരുടെ ഉപജീവനവും ഉന്നമനവും ലക്ഷ്യമിട്ട് പരിസ്ഥിതിക്ക് കോട്ടം തട്ടാത്തവിധത്തിലുള്ള കൃഷിയും പാർപ്പിടങ്ങളും തൊഴിൽ പദ്ധതികളും നടപ്പിലാക്കുന്നതിനും വേണ്ടി, സംസ്ഥാന സർക്കാർ 1978-ൽ ആവിഷ്കരിച്ച Pookode Collective Farming among tribal families പദ്ധതിക്കുവേണ്ടി വിട്ടു നൽകണമെന്ന് വനംവകുപ്പിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് 1978-ൽ വനം വകുപ്പ് റവന്യു വകുപ്പിനും, പിന്നീട് റവന്യു വകുപ്പ് പട്ടികവർഗ്ഗ വികസന (Tribal Development Dept.) വകുപ്പിനും കയ്മാറിയതിൽപ്പെടുന്നതാണ്. (See the Affidavit submitted by Deputy Secretary Forest and Wild Life to the Hon. High Court on 27-9-2012)

പിന്നീട് ഇതിൽ നിന്ന് 40 ഹെക്ടർ ആദിവാസി കുടുംബങ്ങൾക്കുവേണ്ടിയുള്ള പൂക്കോട് ഡയറി പ്രൊജക്ടിനും, 100 ഹെക്ടർ ആദിവാസി സഹകരണസംഘമായ പ്രിയദർശിനി സഹകരണസംഘത്തിനും, 8 ഹെക്ടർ രാജീവ് ഗാന്ധി മോഡൽ റസിഡൻഷ്യൽ സ്കൂളിനും, 190 ഹെക്ടർ വനംവകുപ്പിനു തന്നെ തിരികെ വിട്ടു നൽകുകയും ചെയ്തതിനു ശേഷം അവശേഷിക്കുന്ന ഭൂമി ഭൂരഹിത ആദിവാസികൾക്ക് പതിച്ചു നൽകാനായി മാറ്റി വെച്ചിരുന്നതുമാകുന്നു. ഇപ്രകാരം 150 ലധികം പശുക്കളെ വളർത്തി നിരവധി ആദിവാസി കുടുംബങ്ങളുടെ ജീവിതോപാധിയായിരുന്ന 1978 ൽ പ്രവർത്തനമാരംഭിച്ച പൂക്കോട് ഡയറി പ്രൊജക്ട് വയനാട് ജില്ലയിൽ ഏറ്റവും കൂടുതൽ പാൽ ഉൽപ്പാദിപ്പിച്ചിരുന്നതും വളരെ നല്ല നിലയിൽ നടന്നു വന്നിരുന്നതുമായ ആദിവാസിക്ഷേമ സംരംഭം കൂടിയായിരുന്നു.

എന്നാൽ ഇതിനിടയിൽ ആദിവാസി പുനരധിവാസ ഉന്നമന ആവശ്യങ്ങൾക്കുമാത്രം വിനിയോഗിക്കാൻ പാടുള്ള ഈ ഭൂമികളിൽ നിന്നും നിയമവിരുദ്ധമായി 5 ഏക്ര ഭൂമി സബ്ബ് ജയിൽ സ്ഥാപിക്കാനും, 25 ഏക്ര നവോദയ സ്കൂളിനുമൊക്കെയായി ആദിവാസിയിതര പദ്ധതികൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പു കയ്മാറി. ഏറ്റവുമൊടുവിൽ ഡയറി പ്രൊജക്ട് നിലനിന്നിരുന്ന സ്ഥലമത്രയും വെറ്റിനറി കോളേജ് സ്ഥാപിക്കുന്നതിനായി വിട്ടു നൽകാൻ തീരുമാനിച്ചതിനെത്തുടർന്ന് നല്ല നിലയിൽ നടന്നു വന്നിരുന്നതും നിരവധി ആദിവാസി കുടുംബങ്ങളുടെ അത്താണിയായിരുന്നതുമായ പൂക്കോട് ഡയറി പ്രൊജക്ടും 2001-ൽ നിർത്തലാക്കി. അതോടെ പ്രസ്തുത ഡയറി പ്രൊജക്ടിനെ ആശ്രയിച്ചു കഴിഞ്ഞിരുന്ന ആദിവാസി കുടുംബങ്ങളുടെ ജീവിതമാർഗ്ഗവും വഴിമുട്ടി. ഇപ്രകാരം മേൽ സൂചിപ്പിച്ചതിൽ പകുതിയോളം പുൽമേടുകൾ ഉൾപ്പെടെ ഡയറി പ്രൊജക്ടിന്റെ അധീനതയിലുണ്ടായിരുന്ന 100 ഏക്ര സ്ഥലവും അവിടെനിന്നും ആദിവാസികളെ പുറന്തള്ളി വീണ്ടും നിയമവിരുദ്ധമായി പട്ടികവർഗ്ഗ വികസന വകുപ്പ്, വെറ്റിനറി കോളേജ് സ്ഥാപിക്കാൻ വിട്ടു നൽകുകയാണുണ്ടായത്.

കർഷകർക്കോ സർക്കാരിനോ പറയത്തക്ക ഗുണങ്ങളൊന്നുമില്ലാതെ 'വെള്ളാന മട്ടിൽ' നിലനിന്നു വരുന്ന അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ കീഴിൽ 300 ഏക്കറിൽപ്പരം സ്ഥലമുള്ളപ്പോൾ അവിടെ വെറ്റിനറി കോളേജ് സ്ഥാപിക്കാമെന്നിരിക്കെ അന്നത്തെ കൽപ്പറ്റ നിയോജക മണ്ഡലം എം. എൽ. എയും മന്ത്രിയുമായിരുന്ന കെ. കെ. രാമചന്ദ്രൻ മാസ്റ്ററുടെ 'വോട്ട് ബാങ്ക്' താൽപര്യം മാത്രം മുൻനിർത്തിയാണ് പ്രകൃതി സൗന്ദര്യവും അത്യധികം പരിസ്ഥിതി പ്രധാനവും ആദിവാസി പദ്ധതികൾക്കു മാത്രം ഉപയോഗിക്കുവാൻ പാടുള്ളതുമായ സ്ഥലത്ത് ആദിവാസികളെ ബഹിഷ്കൃതരാക്കി കുന്നിടിച്ച് വെറ്റിനറി കോളേജ് നിർമ്മിച്ചത്. അതിനുശേഷം 2010 ൽ വീണ്ടും പ്രിയദർശനി സഹകരണ സംഘത്തിന്റെ അധീനതയിലുള്ള 100 ഏക്ര സ്ഥലവും ശ്രീചിത്ര മെഡിക്കൽ സെന്റർ സ്ഥാപിക്കാൻ വിട്ടുനൽകാൻ സർക്കാർ നീക്കം നടത്തിയെങ്കിലും ആദിവാസി സംഘടനകളിൽ നിന്നുള്ള എതിർപ്പു മൂലം അതുപേക്ഷിക്കേണ്ടി വന്നു.

**ചുരുക്കത്തിൽ ആദിവാസി പുനരധിവാസത്തിനും ഉന്നമനത്തിനുമെന്ന് പറഞ്ഞ് വനംവകുപ്പിൽ നിന്ന് ഏറ്റെടുത്തതും പ്രസ്തുത പദ്ധതികൾക്കു മാത്രം പരിമിതപ്പെടുത്തിയതുമായ ഭൂമിയിൽ നിന്നും ഘട്ടംഘട്ടമായി ആദിവാസികളെ തുരത്തി ആദിവാസി ഇതര ആവശ്യങ്ങൾക്ക് വിട്ടുകൊടുത്ത് ജന്മിമാരെയും കുടിയേറ്റക്കാരെയും പോലെ ആദിവാസികളെ വഞ്ചിച്ചുകൊണ്ടിരിക്കുകയാണ് സർക്കാരും! ആയിരക്കണക്കിന് ഭൂരഹിതരായ ആദിവാസികൾ തലചായ്ക്കാനിടമില്ലാതെ കഴിഞ്ഞു വരികയും ഒന്നര പതിറ്റാണ്ടിലധികമായി ആദിവാസി ഭൂസമരം വയനാട്ടിൽ കൊടുമ്പിരിക്കൊണ്ടിരിക്കുകയും ചെയ്തു വരുമ്പോഴാണ് അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രത്തിന്റേതടക്കം മറ്റു ഭൂമികളുണ്ടായിട്ടും നിയമവിരുദ്ധമായി ആദിവാസി ഭൂമി അന്യാധീനപ്പെടുത്തിക്കൊണ്ടു സർക്കാർ വയനാട്ടിലെ ആദിവാസികളുടെ നിലനിൽപ്പിനെയും വയനാടിന്റെ പരിസ്ഥിതിയെയും അപകടപ്പെടുത്തിക്കൊണ്ട് ഉത്തരാഖണ്ഡിലെ മനുഷ്യ നിർമ്മിത പ്രകൃതി ദുരന്തങ്ങൾക്ക് കളമൊരുക്കുംവിധം കുന്നിടിച്ചും ചതുപ്പു നികത്തിയും അശാസ്ത്രീയമായ കോൺക്രീറ്റ് വികസനം നടത്തിക്കൊണ്ടിരിക്കുന്നത്.** മാത്രമല്ല, ആദിവാസി ഉന്നമനം മുൻനിർത്തിയുള്ള കൃഷി ആവശ്യങ്ങൾക്കാണെങ്കിൽപ്പോലും ഈ പുൽമേടുകൾ തരം മാറ്റണമെങ്കിൽ കേന്ദ്ര വനം- പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി വേണമെന്ന് പറയപ്പെടുന്നത് ഗൗരവമായി പരിശോധിക്കേണ്ടതും, അങ്ങിനെയെങ്കിൽ നിലവിൽ വെറ്റിനറി കോളേജ് പ്രവർത്തിച്ചു വരുന്ന കെട്ടിടങ്ങൾ ആ നിലയ്ക്കും നിയമവിരുദ്ധമായി പടുത്തുയർത്തിയ അനധികൃത നിർമ്മാണമായി കണക്കാക്കപ്പെട്ടേന്നുവരാം.

2. *<u>പാരിസ്ഥിതിക സന്തുലനം തകർക്കുന്ന കുന്നിടിക്കൽ സൃഷ്ടിക്കാനിടയുള്ള പ്രകൃതി ദുരന്ത സാധ്യത</u>*

1984 മുതൽ വയനാട്ടിലും അതിനു മുമ്പും ശേഷവുമായി കോഴിക്കോട്, മലപ്പുറം, കണ്ണൂർ, ഇടുക്കി, തിരുവനന്തപുരം ജില്ലകളിലെ മലയോര കുടിയേറ്റ മേഖലകളിലുമായി മഴക്കാലങ്ങളിൽ പതിവായി ഉരുൾപൊട്ടലും മലയിടിച്ചിലും നടന്നുവരുന്നുണ്ട്. ഈ സന്ദർഭങ്ങളിലെല്ലാം തിരുവനന്തപുരം ഭൗമശാസ്ത്രപഠന കേന്ദ്രത്തിലെ (CESS) ശാസ്ത്രജ്ഞരോട് ഉടൻ സംഭവസ്ഥലങ്ങളിൽ ചെന്ന് കാരണങ്ങൾ പഠിച്ച് അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ ആവശ്യപ്പെടുന്ന ചടങ്ങും മുറപോലെ നടന്നുവരുന്നുണ്ട്. CESS ആരംഭിച്ച കാലംതൊട്ട് ഇപ്രകാരം ഒരോ പ്രകൃതി ദുരന്തശേഷവും വിദഗ്ദ്ധ പഠനം നടത്തി 100 ലധികം റിപ്പോർട്ടുകളെങ്കിലും അടിയന്തിര നടപടികൾക്കായി സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടുകളിലെല്ലാം പ്രകൃതി ദുരന്തങ്ങൾക്കടിസ്ഥാനമായി വിദഗ്ദ്ധ സംഘം ആവർത്തിച്ചു വ്യക്തമാക്കിയിട്ടുള്ള പ്രധാന കാരണങ്ങൾ ഇവയാണ്. (1) സ്വാഭാവിക നീർച്ചാലുകൾ നികത്തുകയോ തടസ്സപ്പെടുത്തുകയോ ചെയ്തുകൊണ്ടുള്ള ഖനനവും, റോഡ്-കെട്ടിടം മുതലായ നിർമ്മാണ പ്രവർത്തനങ്ങൾ, (2) 16% ചരിവുള്ള ഭൂമികളിലെ നിർമ്മാണ പ്രവർത്തനങ്ങൾ, (3) 30% ചരിവുള്ള ഭൂമികളിലെ റബ്ബർ മുതലായ ഏകവിള

കളും താൽക്കാലിക കൃഷികളും, (4) കുന്നിടിക്കൽ, (5) പുൽമേടുകളുടെ നശീകരണം, (6) മലഞ്ചെരുവുകളിലെ സ്വാഭാവിക വൃക്ഷങ്ങളുടെ നശീകരണം.

മൂന്നു പതിറ്റാണ്ടു മുമ്പു തൊട്ട് ഭൗമശാസ്ത്രജ്ഞർ സർക്കാരിനു സമർപ്പിച്ച പഠന റിപ്പോർട്ടിലെ മേൽപ്പറഞ്ഞ കണ്ടെത്തലുകൾ തന്നെയാണ് ഏറ്റവും ഒടുവിൽ ഇക്കഴിഞ്ഞ ദിവസങ്ങളിൽ ഇടുക്കി ചീയപ്പാറയിലുണ്ടായ ഉരുൾപൊട്ടലിനും കാരണമായി CESS ചൂണ്ടിക്കാട്ടിയിരിക്കുന്നത്. അതായത് മൂന്നു പതിറ്റാണ്ട് മുമ്പ് Expert committee സമർപ്പിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങളനുസരിച്ച് ഭൂവിനിയോഗത്തിലും, പരിസ്ഥിതി നശീകരണത്തിലും - ചുരുങ്ങിയ പക്ഷം സ്വാഭാവിക നീർച്ചാലുകൾ ഇല്ലായ്മ ചെയ്തും കുന്നിടിച്ചുമുള്ള ഖനന ത്തിനും വൻകിട കെട്ടിട നിർമ്മാണത്തിനുമെങ്കിലും സർക്കാർ കർശന നിയന്ത്രണം കൊണ്ടുവന്നിരുന്നെങ്കിൽ അതിനുശേഷമുണ്ടായ നിരവധി ഉരുൾപ്പൊട്ടലുകളും മലയിടിച്ചി ലുകളും നൂറുകണക്കിനു മരണങ്ങളും സംഭവിക്കില്ലായിരുന്നു.

**ഇങ്ങനെ നിലവിൽ സമർപ്പിച്ചിരിക്കുന്ന ഡസൻ കണക്കിന് Expert committee റിപ്പോർട്ടുകളിൽ യാതൊരു നടപടിയുമെടുക്കാതെ കൊല്ലംതോറും വിദഗ്ദ്ധസംഘത്തെ നിയോഗിച്ച് അടിയന്തിരമായി പഠന റിപ്പോർട്ടുകൾ വാങ്ങി സെക്രട്ടറിയേറ്റിൽ അട്ടിക്കിട്ടു വെയ്ക്കുന്നതിന്റെ അർത്ഥമെന്താണെന്ന് സർക്കാർ വ്യക്തമാക്കേണ്ടതുണ്ട്.**

ഈ ചോദ്യം ഇവിടെ പ്രസക്തമാവുന്നതിനു പ്രധാന കാരണം 2009 ജൂലായ് മാസ ത്തിൽ വയനാട്ടിലും വയനാടുമായി അതിർത്തി പങ്കിടുന്ന കോഴിക്കോട്, മലപ്പുറം ജില്ലക ളിലെ മലയോരമേഖലകളിലും വ്യാപകമായി ഉരുൾപൊട്ടലും മലയിടിച്ചിലും മരണങ്ങളു മുണ്ടായ അവസരത്തിലും മേൽ വിവരിച്ചപോലെ അടിയന്തിരമായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ Expert committee യെ സർക്കാർ നിയോഗിക്കുകയുണ്ടായി. തുടർന്ന് പഠനം നടത്തി 27-07-2009 ന് വിദഗ്ദ്ധ സംഘം സമർപ്പിച്ച റിപ്പോർട്ടിലും (Report of the Expert Committee constituted by the Government of Kerala GO (Rt) No. 2374/2009/DM dated 17-07-2009) മേൽപറഞ്ഞ ആറു കാര്യങ്ങൾ ആവർത്തിച്ചിരിക്കുന്നതിനു പുറമെ അതീവ പ്രാധാന്യത്തോടെ പരാമർശിച്ചിരിക്കുന്ന ഒരു വസ്തുത കൂടിയുണ്ട്. **The Wayanad – Kozhikode boarder has been identified by CESS as one of the most land slid areas in the state. Mundakkai, Kappikkalam and Valamthod debris flows are the notable ones. The Mundakkai debris flow occurred in 1984 claimed 14 lives and Kappikkalam near Padinjarathara occurred in 1992 claimed 11 lives (page – 5). The hill ranges boarding Wayanad with Kozhikode and Malappuram are one of the most land slip prone areas in the state and recent incidents occurred in this belt, special care is to be taken while implementing project involving land manipulation/disturbances (Para – 12, Page – 29, 30)** ഇപ്രകാരം കോഴിക്കോട്-വയനാട്-മലപ്പുറം അതിർത്തി പ്രദേശങ്ങളുടെ പരിസ്ഥിതി ദുർബലതകളെക്കുറിച്ച് മൂന്നു പതിറ്റാണ്ടുകൾക്ക് മുമ്പ് CESS സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതും, അത്

സർക്കാർ അവഗണിച്ചതുമൂലം പിന്നീടുണ്ടായ ദുരന്ത ദൃഷ്ടാന്തങ്ങളും ഇനിയും ആവർത്തിക്കാവുന്ന ദുരന്തസാധ്യതകളും സൂചിപ്പിച്ച് പ്രസ്തുത മേഖലകളിലെ ഭൂവിനിയോഗത്തിൽ ഇനിയെങ്കിലും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണെന്നും ചൂണ്ടിക്കാട്ടി ഉത്തരാഖണ്ഡിലേതുപോലെ വ്യക്തമായ ദുരന്ത മുന്നറിയിപ്പ് ഉൾക്കൊണ്ടിരിക്കുന്ന അടിയന്തിര പ്രാധാന്യമർഹിക്കുന്ന പ്രസ്തുത റിപ്പോർട്ടും സർക്കാർ ലാഘവത്തോടെ അവഗണിച്ചിരിക്കുകയാണ്.

**എന്നാൽ സർക്കാർ നിർദ്ദേശ പ്രകാരമാണ് മേൽപ്പറഞ്ഞ എക്സ്പെർട്ട് കമ്മിറ്റി വിദഗ്ദ പഠനം നടത്തുകയും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുള്ളത് എന്നതിനാൽ, ജനങ്ങളുടെ ജീവനും സ്വത്തുക്കൾക്കും സംരക്ഷണം ഉറപ്പാക്കാൻ ഉത്തരവാദിത്തപ്പെട്ടിരിക്കുന്ന സർക്കാർ, പ്രസ്തുത റിപ്പോർട്ടിൽ പറയുന്ന ദുരന്ത മുന്നറിയിപ്പുകളും ഭൂവിനിയോഗത്തിൽ പുലർത്തേണ്ട ജാഗ്രത നിർദ്ദേശങ്ങളുമനുസരിച്ച് വയനാട് ചുരം മലകളുടെ ഭാഗമായ പൂക്കോട് പുൽമേടുകൾ ഇടിച്ചു നിരത്തികൊണ്ടുള്ള വെറ്റിനറി യൂണിവേഴ്സിറ്റി നിർമ്മാണ പ്രവർത്തനങ്ങളും, അതുപോലെ കോഴിക്കോട് - വയനാട് - മലപ്പുറം അതിർത്തി മലമ്പ്രദേശങ്ങളിൽ കുന്നിടിച്ചുള്ള എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും ഖനനങ്ങളും തടയാൻ പ്രതിജ്ഞാബദ്ധവുമാണ്. അതിനു സർക്കാർ തയ്യാറല്ലാതെ വന്നാൽ സ്വന്തം ജീവനും സ്വത്തുക്കളും സംരക്ഷിക്കാനും വയനാട് മറ്റൊരു ഉത്തരാഖണ്ഡ് ആവാതിരിക്കാനും പ്രസ്തുത പുൽമേടുകളുടെ നശീകരണം തടയാൻ ജനങ്ങൾ നിർബന്ധിതരാവുന്നതും, നിയമപരമായും സമരപ്രക്ഷോഭങ്ങളിലൂടെയും കുന്നിടിച്ചു പടുത്തുയർത്താൻ ഉദ്ദേശിക്കുന്ന വെറ്റിനറി യൂണിവേഴ്സിറ്റി നിർമ്മാണ പ്രവർത്തനം തടയുന്നതുമാണ്.**

3. <u>വനാതിർത്തിയും, സമ്പുഷ്ട ജല - ജൈവ വൈവിധ്യങ്ങൾക്കുണ്ടാവുന്ന നാശങ്ങളും</u>

മഴവെള്ളത്തെ ആഗിരണം ചെയ്ത് ഭൂമിയെ ജലസമ്പുഷ്ടമാക്കുന്നതിൽ പുൽമേടുകൾക്കുള്ള പ്രാധാന്യം പ്രൈമറി വിദ്യാർത്ഥികൾക്കുപോലും ബോധ്യമുള്ളതാണ്. ഇവിടെയാകട്ടെ പ്രകൃതിദത്തമായ പൂക്കോട് തടാകത്തിന്റെ അവിഭാജ്യ ഭാഗമായിട്ടുള്ള ഈ പുൽമേടുകൾ തടാകത്തെയും കൂടാതെ തളിപ്പുഴയുടെയും നിലനിൽപ്പിന്റെ നിദാനം കൂടിയാണ്. വ്യത്യസ്തങ്ങളായ പുഷ്പിത സസ്യങ്ങളടക്കം നിരവധി ചെറു സസ്യങ്ങളും അവയെ ഉപജീവിച്ച് നിരവധി ശലഭങ്ങളും നിലനിൽക്കുന്ന അത്യധികം ജൈവവൈവിധ്യപ്രധാനമായ സ്ഥലം കൂടിയാണ് ഈ പുൽമേടുകൾ. ഇവയുടെ മടക്കുകളിലും താഴ്വരകളിലും വേനലിലും വറ്റാത്ത നീരുറവകളും ചതുപ്പുകളും നിലനിൽക്കുന്നു. ഇവയെല്ലാം പൂർണ്ണമായോ ഭാഗികമായോ ഇടിച്ചു നികത്തപ്പെടാതെ നിർമ്മാണ പ്രവർത്തനങ്ങൾ ഒരിക്കലും സാധ്യമല്ല. പരിസ്ഥിതിക്ക് യാതൊരു കോട്ടവും വരുത്താതെയാണ് നിർമ്മാണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത് എന്ന് യൂണിവേഴ്സിറ്റി അധികൃതർ പറയുന്നത് സാധ്യമാവണമെങ്കിൽ, ഇവയ്ക്കുമീതെ ശൂന്യതയിൽ തന്നെ നിർമ്മിക്കേണ്ടി വരും മാസ്റ്റർപ്ലാൻ പ്രകാര

മുള്ള നിർമ്മാണങ്ങളത്രയും. അതേസമയം ഈ പുൽമേടുകൾക്കും അവക്കിടയിലെ ചതുപ്പുകൾക്കും നീരുറവകൾക്കുമുണ്ടാകുന്ന നേർത്ത കോട്ടങ്ങൾപോലും പൂക്കോട് തടാകത്തിന്റെയും സമീപന വനപ്രദേശത്തിലെയും ചുറ്റുമുള്ള വലിയ ഭൂവിഭാഗം കൃഷി യിടങ്ങളിലെയുമെല്ലാം ഉപരിതല-ഭൂഗർഭ ജലശേഖരത്തെ ഗുരുതരമായി ക്ഷയിപ്പിക്കും. ഇതിനുദാഹരണമായി നിലവിൽ പ്രവർത്തിച്ചു വരുന്ന വെറ്ററിനറി കോളേജ് നിർമ്മാണ ത്തിനു വേണ്ടി ഏതാനും പുൽമേടുകൾ നികത്തിയതോടെ കൊടിയ വേനലിലും കനത്ത തോതിൽ ഉറവയെടുത്ത് നിലനിന്നിരുന്ന ചതുപ്പുകളും, അത്തരം ചതുപ്പു താഴ്ത്തി ഡെയറി പ്രൊജക്ടിനായി വർഷങ്ങൾക്ക് മുമ്പ് നിർമ്മിച്ച കുളവും അവയിലെ ജലത്തിന്റെ അളവ് ഏതാനും കൊല്ലങ്ങൾ കൊണ്ട് തന്നെ ക്രമാതീതമായി ക്ഷയിച്ചുകൊണ്ടിരിക്കുന്നതും ഡെയറി ഫാമിൽ ജോലി ചെയ്തു കൊണ്ടിരിക്കുന്നവർ ചൂണ്ടിക്കാട്ടുന്നു.

2030-ഓടെ ഭൂമുഖത്തെ പകുതിയിലധികം ആളുകൾക്ക് ജലം കിട്ടാക്കനിയാവുമെന്ന് പഠനങ്ങൾ വ്യക്തമാക്കിയിരിക്കെ, ഏറ്റവും വിലപ്പെട്ടതും അതീവ ജാഗ്രതയോടെ സംരക്ഷി ക്കേണ്ടതുമായ ജലാശയങ്ങളും, ജലസംരക്ഷണ ഉപാധികളും നശിപ്പിക്കുകയോ മലിനപ്പെ ടുത്തുകയോ ചെയ്തു കൊണ്ടുള്ള ഏതൊരു വികസനവും -സർവ്വകലാശാലയോ ആശുപത്രിയോ ആയാൽപോലും അത് വിനാശത്തിലേക്കു നയിക്കുന്ന അശാസ്ത്രീയ വികസനമോ ആസൂത്രണമോ തന്നെയാണ്. തൽഫലമായുണ്ടാവുന്ന ജലക്ഷാമത്തിനും മറ്റു പ്രത്യാഘാതങ്ങൾക്കും പ്രാഥമികമായും, ശാശ്വതമായും ഇരയാവേണ്ടി വരിക ഭരണ വർഗ്ഗമോ, സമ്പന്നവർഗ്ഗമോ അല്ല, മറിച്ച് പാവപ്പെട്ടവരും സാധാരണക്കാരുമാണ് എന്നതു കൂടി കണക്കിലെടുക്കുമ്പോൾ, മറ്റേതൊരു സ്ഥലത്തെയും അപേക്ഷിച്ച് വളരെയധികം ജലസമ്പുഷ്ടവും ജൈവവൈവിധ്യ പ്രധാനവുമായ പുൽമേടുകൾക്കും ചതുപ്പുകൾക്കും നീരുറവകൾക്കും കോട്ടം വരുത്തുന്ന യാതൊരു നിർമ്മാണ പ്രവർത്തനങ്ങളോ കൃഷി കളോ പോലും അനുവദിക്കാൻ പാടില്ലാത്തതാണ്.

അതും കൂടാതെ പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനുദ്ദേശിക്കുന്ന വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ അധീനതയിലുള്ള പ്രസ്തുത പുൽമേടുകൾ വനഭൂമിയാ യിരുന്നതും, തൊട്ടു ചേർന്നുള്ള 190 ഹെക്ടർ ഇപ്പോഴും വനഭൂമിയാണെന്നതും കൊണ്ട് 1988-ലെ ദേശീയ വനനയമനുസരിച്ച് (National Forest Policy) 'കുത്തനെയുള്ള ചരിവുകൾ, നദികളുടെയും തടാകങ്ങളുടെയും വൃഷ്ടി പ്രദേശങ്ങൾ, പരിസ്ഥിതി പരിഗണനയർ ഹിക്കുന്ന പ്രദേശങ്ങൾ എന്നിവിടങ്ങളിലെല്ലാം വനത്തെ ബാധിക്കുന്ന പ്രവർത്തനങ്ങൾ കർശനമായി നിയന്ത്രിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ള സാഹചര്യത്തിലും നിർദ്ദിഷ്ട സ്ഥലത്ത് യാതൊരു നിർമ്മാണ പ്രവർത്തനങ്ങളോ മറ്റും അനുവദനീയമല്ലാത്തതും, അത് തടയുന്നതിന് വനം പരിസ്ഥിതി വകുപ്പു മന്ത്രി കൂടിയായ താങ്കൾ ഉത്തരവാദിത്വപ്പെട്ടിരിക്കു ന്നതും, ആകുന്നു.

4. <u>പരിഹാരം:- അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രം സ്ഥലത്ത് മാറ്റി സ്ഥാപിച്ച് യൂണിവേഴ്സിറ്റി ആസ്ഥാനം വയനാട്ടിൽ തന്നെ നിലനിർത്തുക.</u>

കൃഷി വകുപ്പിന്റെ കീഴിൽ വയനാട്ടിൽ തന്നെ മേൽ സൂചിപ്പിച്ച അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ അധീനതയിലുള്ള 300 ഏക്രയിലധികം നിരപ്പായ ഭൂമിയിൽ യൂണിവേഴ്സിറ്റി ആസ്ഥാനം മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ചാൽ വെറ്റിനറി സർവ്വകലാശാല ആസ്ഥാനം വയനാട്ടിൽ തന്നെ നിലനിർത്താനാവും. അങ്ങിനെയെങ്കിൽ 85% പരിസ്ഥിതി നാശവും പ്രകൃതി ദുരന്തങ്ങളും ഒഴിവാക്കാമെന്നു മാത്രമല്ല കുന്നിടിക്കുതിനും ചതുപ്പു നികത്തുന്നതിനും മറ്റും വേണ്ടി വരുന്ന 25 ശതമാനം അധിക ചിലവും ലാഭിക്കാൻ കഴിയും. അതുമല്ലെങ്കിൽ കൃഷ്ണഗിരി വില്ലേജിൽ മലന്തോട്ടം എന്ന സ്ഥലത്ത് 6 എസ്റ്റേറ്റ് ഉടമകൾ അനധികൃതമായി കയ്‌വശം വെച്ചു വരുന്ന 60 ഏക്കർ മുതൽ 7 ഏക്കർ വരെയുള്ള 206 ഏക്കർ സർക്കാർ ഭൂമിയുമുണ്ട്. ഇവ ഒഴിയണമെന്നാവശ്യപ്പെട്ട് കയ്യേറ്റക്കാരായ എസ്റ്റേറ്റ് ഉടമകൾക്കും, ഒഴിപ്പിച്ച് സർക്കാരിലേക്ക് പിടിച്ചെടുക്കണമെന്നാവശ്യപ്പെട്ട് സുൽത്താൻ ബത്തേരി തഹസിൽദാർക്കും കൃഷ്ണഗിരി വില്ലേജ് ഓഫീസർ ചട്ടപ്രകാരം നോട്ടീസും റിപ്പോർട്ടും നൽകുകയും, ഇവ പിടിച്ചെടുത്ത് ഭൂരഹിത ആദിവാസികൾക്ക് വിതരണം ചെയ്യുകയോ ശ്രീചിത്ര മെഡിക്കൽ സെന്റർ മുതലായ പൊതുകാര്യങ്ങൾക്ക് ഉപയോഗിക്കുകയോ ചെയ്യണമെന്നാവശ്യപ്പെട്ട് 2011 ഓഗസ്റ്റ് 1-ന് Our Own Nature സർക്കാരിന് ഹർജി നൽകുകയും ചെയ്തിട്ടുള്ളതുമാണ്. ഇപ്രകാരം അനുയോജ്യമായ വേറെയും സ്ഥലങ്ങൾ ശ്രമിച്ചാൽ സർക്കാരിനു കണ്ടെത്തി യൂണിവേഴ്സിറ്റി ആസ്ഥാനം വയനാട്ടിൽ തന്നെ നിലനിർത്താനാവും.

എന്നാൽ ഇപ്പോൾ തീരുമാനിക്കപ്പെട്ട സ്ഥലത്തു തന്നെ സ്ഥാപിക്കാൻ കഴിയാതെ വരുന്ന പക്ഷം യൂണിവേഴ്സിറ്റി ആസ്ഥാനം വയനാട്ടിൽ നിന്നും മാറ്റുമെന്ന തരം താഴ്ന്ന ബ്ലാക്ക് മെയിലിംഗ് തന്ത്രമിറക്കി ജനവികാരമിളക്കി വിട്ട് പ്രശ്നം സങ്കീർണ്ണമാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ് യൂണിവേഴ്സിറ്റി അധികൃതർ! ഇപ്രകാരം വനഭൂമിയോട് ചേർന്ന് കുന്നിടിച്ചും ചതുപ്പുകൾ നികത്തിയും തന്നെ ഇന്റർനാഷണൽ റസ്റ്റ്ഹൗസും ഹെലിപ്പാടുകളുമൊക്കെയായി യൂണിവേഴ്സിറ്റി ആസ്ഥാനം നിർമ്മിക്കണമെന്ന് വെറ്റിനറി സർവ്വകലാശാല അധികൃതരുടെ നിർബന്ധത്തിനു പിന്നിൽ മറ്റു ചില ഗൂഢലക്ഷ്യങ്ങളുണ്ടെന്നും സംശയിക്കുന്നു.

അതിനുപരി അത്യധികം ആകർഷകവും ഹരിതാഭവും വൻതോതിൽ ഉപരിതല ഭൂഗർഭ ജലസ്രോതസ്സുകളുടെ സംരക്ഷണവും നിർവ്വഹിച്ചു വരുന്നതുതൊട്ട് മനുഷ്യനും മറ്റു സസ്യ ജന്തു ജീവജാലങ്ങൾക്കും പ്രസ്തുത പുൽമേടുകളും ചതുപ്പുകളും പ്രദാനം ചെയ്തുകൊണ്ടിരിക്കുന്ന സേവനങ്ങളും ഗുണങ്ങളും, കൂടാതെ പ്രസ്തുത പുൽമേടുകളായ കുന്നുകൾക്ക് കോട്ടങ്ങൾ വരുത്തിയാൽ സംഭവിക്കാവുന്ന പ്രകൃതി ദുരന്തങ്ങളും കൂടി വെച്ചുനോക്കിയാൽ വെറ്റിനറി യൂണിവേഴ്സിറ്റിക്ക് പ്രദാനം ചെയ്യാൻ കഴിയുന്ന

സേവനങ്ങളും ഗുണങ്ങളും താരതമ്യം ചെയ്യാൻ പോലും ഇല്ലാത്തത്ര നിസ്സാരവും പരിമിതവുമാണെന്ന യാഥാർത്ഥ്യവും കൂടി തിരിച്ചറിയേണ്ടതും ആകുന്നു.

ആകയാൽ മേൽ വിവരിച്ച വസ്തുതകൾ ഗൗരവപൂർവ്വം പരിശോധിച്ച് നിർദ്ധിഷ്ട സ്ഥലത്തെ വെറ്റിനറി യൂണിവേഴ്സിറ്റി നിർമ്മാണ പ്രവർത്തനം ഉപേക്ഷിക്കുകയും വയനാട്ടിൽ തന്നെ മറ്റൊരിടത്ത് മാറ്റി സ്ഥാപിക്കുകയോ ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

എന്ന്,

വിശ്വസ്തതയോടെ

1) തോമസ് അമ്പലവയൽ
സെക്രട്ടറി,
വയനാട് പ്രകൃതി സംരക്ഷണ സമിതി
പുറക്കാടി, മീനങ്ങാടി പി.ഒ.- 673591

2) ധർമ്മരാജ് സി.എസ്.
സെക്രട്ടറി,
ഔവർ ഓൺ നേച്ചർ
കൃഷ്ണഗിരി പി.ഒ., മീനങ്ങാടി,
വയനാട് - 673591
ഫോൺ : 9947954999

3) അബു പൂക്കോട്
പ്രസിഡണ്ട്
ഗ്രീൻ ക്രോസ് [WEPAG]
പൂക്കോട് ലക്കിടി.പി.ഒ
വയനാട്- 673576
Mob: 9446457574

4) [illegible]
[illegible]

സ്ഥലം :

തീയതി : 29-08-13

പകർപ്പ് :

1. കേന്ദ്ര - വനം പരിസ്ഥിതി മന്ത്രാലയം
2. കൃഷി വകുപ്പ് മന്ത്രി- By E-Mail
3. വനം വകുപ്പ് സെക്രട്ടറി By E-Mail
4. സൗത്ത് വയനാട് DFO By hand
5. പട്ടിക വർഗ്ഗ ക്ഷേമവകുപ്പ് മന്ത്രി By E-mail
6. കൽപ്പറ്റ നിയോജകമണ്ഡലം MLA By E-mail
7. വെറ്റിനറി യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ By E-mail